## മറ്റ് പ്രവർത്തനങ്ങൾ

- പ്രമുഖ ട്രേഡ് യൂണിയൻ നേതാക്കളുടെ അനുസ്മരണ പ്രഭാഷണങ്ങൾ
- ഇതര സംസ്ഥാന തൊഴിലാളികൾക്കായുള്ള മെഡിക്കൽ ക്യാമ്പുകൾ, സെമിനാറുകൾ/വർക്ക്ഷോപ്പുകൾ
- സ്കൂൾ കുട്ടികൾക്കായുള്ള ലൈഫ് സ്കിൽ പരിശീലനം
- അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും, ആശ്രിതർക്കുമുള്ള മൽസര പരീക്ഷാ പരിശീലന പരിപാടി
- ഇതര ലേബർ ഇൻസ്റ്റിറ്റ്യൂട്ടുകളുമായി ചേർന്ന് സംയുക്ത പരിപാടികൾ

## ലൈബ്രറി

കിലെയ്ക്ക് വിവിധ വിഷയങ്ങളിലായി 2500 ഓളം പുസ്തകങ്ങൾ ഉള്ള ആധുനിക ലൈബ്രറി നിലവിലുണ്ട്.

സുപ്രീം കോടതിയുടെ വിധി ന്യായങ്ങൾ (ലേബർ)
തൊഴിൽ നിയമങ്ങളും റൂളുകളും
തൊഴിൽ നിയമ ജേണലുകൾ
തൊഴിൽ പരിപാലനം
ലേബർ ലാ നോട്ട്സ്
ഡൈജസ്റ്റ് ഓഫ് ലേബർ കേസസ്
മാനവവിഭവശേഷി
സിവിൽ ക്രിമിനൽ നിയമങ്ങൾ
ഗവേഷണ റിപ്പോർട്ടുകൾ
കിലെ പ്രസിദ്ധീകരണങ്ങൾ മുതലായവ

## പുതിയ പദ്ധതികൾ

- **ഒരു ദേശീയതല ലേബർ ഇൻസ്റ്റിറ്റ്യൂട്ട്**
- **അവകാശരഥം – ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കായുള്ള വാഹന ബോധവൽക്കരണ പരിപാടി**
- **വിജ്ഞാനരഥം – ഗ്രാമ പ്രദേശങ്ങളിലെ ഗവൺമെന്റ് സ്കൂൾ കുട്ടികൾക്കായുള്ള കരിയർ ഗൈഡൻസ് വാഹന ബോധവൽക്കരണ പരിപാടി**

## ലൊക്കേഷൻ ഭൂപടം





കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)
തൊഴിൽഭവൻ, വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം, കേരള – 695033
ഫോൺ: 0471-2309012, 2307742, ഫാക്സ്: 0471-2308947


“ബിൽഡിംഗ് പീപ്പിൾ”

# കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്

# (കിലെ)

തിരുവനന്തപുരം



ഒരു കേരള സർക്കാർ സ്വയംഭരണ സ്ഥാപനം

## കിലെ

കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ) തൊഴിലും നൈപുണ്യവും മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ്. തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയാണ് ഈ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ.

1955 ലെ തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ നിയമ പ്രകാരം 1978 മുതൽ പ്രവർത്തിച്ചു വരുന്നു.

തൊഴിലും അനുബന്ധ മേഖലകളിലും പഠനവും, പരിശീലനവും ഗവേഷണവും ആണ് പ്രധാന ലക്ഷ്യം.

ആസ്ഥാനം – തിരുവനന്തപുരം പി.എം.ജി. ജംഗ്ഷനിലുള്ള തൊഴിൽഭവൻ.

തൊഴിലാളികൾക്കും, തൊഴിലാളി സംഘടനാ പ്രതിനിധികൾക്കും, തൊഴിൽ നിയമങ്ങളെക്കുറിച്ചും, തൊഴിൽ അവകാശങ്ങളെക്കുറിച്ചും, തൊഴിൽ മേഖലയിൽ സംജാതമാകുന്ന വിവിധ പ്രശ്നങ്ങളുടെ പരിഹാര മാർഗങ്ങളെക്കുറിച്ചും, ബോധവൽക്കരണം, നേതൃത്വ വികസന പരിശീലനം മുതലായവ നൽകിക്കൊണ്ട് സംസ്ഥാനത്ത് മെച്ചപ്പെട്ട തൊഴിൽ സംസ്കാരവും, വ്യാവസായികാന്തരീക്ഷവും സൃഷ്ടിക്കുന്നതിൽ സഹായകമാകുന്ന പ്രവർത്തനങ്ങൾ കിലെ നടത്തുന്നു.

## ഉദ്ദേശ ലക്ഷ്യങ്ങൾ

- തൊഴിലും, അനുബന്ധ മേഖലകളിലും പരിശീലന പരിപാടികൾ, സെമിനാറുകൾ, മുതലായവ സംഘടിപ്പിക്കുക.
- ഇൻസ്റ്റിറ്റ്യൂട്ട് നേരിട്ടും മറ്റ് ഏജൻസികളുടെ സഹായത്തോടു കൂടിയും ഗവേഷണം നടത്തുക.
- തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് വിശകലനം ചെയ്ത് പരിഹാര മാർഗ്ഗങ്ങൾ ശുപാർശ ചെയ്യുക.
- പുസ്തകങ്ങൾ, ആനുകാലികങ്ങൾ മുതലായവ പ്രസിദ്ധീകരിക്കുക
- ലൈബ്രറി/ഡോക്യുമെന്റേഷൻ ഇൻഫർമേഷൻ സർവ്വീസ് മുതലായവ നടത്തുക
- തൊഴിൽ മേഖലയിൽ കൺസൾട്ടൻസി സർവ്വീസ് നടത്തുക
- ഈ ലക്ഷ്യത്തിൽ പ്രവർത്തിക്കുന്ന ഇതര സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുക
- തൊഴിൽ മേഖലയിലെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഫെല്ലോഷിപ്പ്, സമ്മാനങ്ങൾ, സ്റ്റൈപ്പെന്റുകൾ മുതലായവ ഏർപ്പെടുത്തുക.

## ഉപഭോക്താക്കൾ

- തൊഴിലാളികൾ, തൊഴിലാളി സംഘടനകൾ
- തൊഴിലുടമകൾ, തൊഴിലുടമാ സംഘടനകൾ
- തൊഴിൽ മന്ത്രാലയത്തിന് കീഴിലുള്ള വകുപ്പുകളും മറ്റ് സ്ഥാപനങ്ങളും
- അക്കാദമിക് സ്ഥാപനങ്ങൾ/വിദ്യാർത്ഥികൾ
- മറ്റ് സർക്കാർ വകുപ്പുകൾ
- പൊതുജനങ്ങൾ

## ഭരണ സംവിധാനം

ജനറൽബോഡി – അദ്ധ്യക്ഷൻ – തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി
എക്സിക്യൂട്ടീവ് കൗൺസിൽ – ചെയർമാൻ – സർക്കാർ നോമിനി
എക്സിക്യൂട്ടീവ് ഡയറക്ടർ, സീനിയർ ഫെല്ലോ, ഫെല്ലോ (2),
അക്കൗണ്ട്സ് അസിസ്റ്റന്റ്, ഓഫീസ് അസിസ്റ്റന്റ്സ്, ഓഫീസ് അറ്റന്റന്റ് മുതലായവ

## കിലെ ഓൺലൈൻ

വെബ്സൈറ്റ് – www.kile.kerala.gov.in
കിലെ വെബ്സൈറ്റ് ഇംഗ്ലീഷിലും മലയാളത്തിലും ലഭ്യമാണ്
കിലെ ഇ-മെയിൽ – mail.kile@kerala.gov.in

## പരിശീലന പരിപാടികൾ

- തൊഴിൽ നിയമങ്ങൾ
- പി.എഫ്. & ഇ.എസ്.ഐ. ആക്ട്
- നേതൃത്വ വികസന പരിശീലനം
- തൊഴിലും നൈപുണ്യവും വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ
- വേതനവും ഉൽപാദന ക്ഷമതയും
- തൊഴിൽജന്യരോഗങ്ങളും ആരോഗ്യ പ്രശ്നങ്ങളും
- തൊഴിൽ മേഖലയിലെ സുരക്ഷ
- സാമൂഹ്യ സുരക്ഷാ പദ്ധതികൾ
- ഇൻഫർമേഷൻ ടെക്നോളജിയും സാമൂഹ്യമാധ്യമവും
- സർവീസ് ചട്ടങ്ങൾ/വിവരാവകാശ നിയമം മുതലായവ

## പ്രസിദ്ധീകരണങ്ങൾ – ഒറ്റ നോട്ടത്തിൽ

1. കിലെ ന്യൂസ് – ഇംഗ്ലീഷ് ത്രൈമാസിക
2. കിലെ ന്യൂസ് – മലയാളം ത്രൈമാസിക
3. പദകോശം – തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ഉപയോഗിച്ചുവരുന്ന ഇംഗ്ലീഷ് പദങ്ങളും അവയുടെ മലയാള അർത്ഥവും
4. ഞാനും എന്റെ തൊഴിൽ നിയമങ്ങളും – കൈപുസ്തകങ്ങൾ
   - എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് നിയമവും പദ്ധതികളും (ഒന്നാം ലക്കം)
   - കേരള ചുമട്ടു തൊഴിലാളി നിയമം – 1978 (രണ്ടാം ലക്കം)
   - തൊഴിലും നൈപുണ്യവും വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ (മൂന്നാം ലക്കം)
5. ഹിസ്റ്ററി ഓഫ് ട്രേഡ് യൂണിയൻ മൂവ്മെന്റ് ഇൻ കേരള
6. ലേബർ ഇൻ കേരള 2010
7. ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റീസ് ഇൻ കേരള
8. തൊഴിൽ നിയമങ്ങൾ മലയാളത്തിൽ

## ഉടൻ പ്രസിദ്ധീകരിക്കുന്നവ

- ഞാനും എന്റെ തൊഴിൽ നിയമങ്ങളും-കൈപുസ്തകങ്ങൾ
  കേരള പേയ്മെന്റ് ഓഫ് സബ്സിസ്റ്റൻസ് അലവൻസ് ആക്ട്, 1972 (4-ാം ലക്കം)
  കേരള ഷോപ്സ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1960 (5-ാം ലക്കം)
  കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ്
  (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ട് 1958 (6-ാം ലക്കം)
- കിലെ – ന്യൂസ് ഹിന്ദി ത്രൈമാസിക

## ഗവേഷണം

ഓരോ വർഷവും തൊഴിലും അനുബന്ധ മേഖലകളിലും തെരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളിൽ ഗവേഷണം നടത്തിവരുന്നു. ഇതിന് പുറമെ സർക്കാർ നിർദ്ദേശാനുസരണമുള്ള ഗവേഷണങ്ങളും നടത്തുന്നുണ്ട്. ഇതിനായി പരിചയ സമ്പന്നരായ പ്രഗൽഭരടങ്ങിയ ഒരു കോർ കമ്മിറ്റി പ്രവർത്തിക്കുന്നു.